WRITTEN ANSWERS

സ്കൂൾ ഫൈനൽ പരീക്ഷയിൽ വിജയികളായവരുടെ ശതമാനം.

* 1819. [6] ശ്രീ. ടി. എ. തൊമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ സ്കൂൾ ഫൈനൽ പരീക്ഷയിൽ സംസ്ഥാനത്തെ വിജയശതമാനം എത്ര;

(ബി) പ്രൈവറ്റ് സ്കൂളുകളിലെ വിജയശതമാനം എത്ര;

(സി) ഗവൺമെന്റ് സ്കൂളുകളിലെ വിജയശതമാനം എത്ര;

(ഡി) ഇക്കൊല്ലം സ്റ്റേറ്റ് അവരേജ് ഇത്ര മോശമാകുവാനുള്ള കാരണമെന്താണ്?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി):

(എ) 37.4

(ബി) 39.64

(സി) 32.55

(ഡി) വിദ്യാർത്ഥികൾ താരതമ്യേന ശോഭപ്പെട്ട രീതിയിൽ പരീക്ഷക്ക് എഴുതിയതുകൊണ്ട്.

മത്സ്യവ്യവസായ സഹകരണസംഘങ്ങൾ.

* 1820. [12] ശ്രീമതി കുസുമം ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) Registration-നു് അപേക്ഷിച്ച എത്ര മത്സ്യവ്യവസായ സഹകരണസംഘങ്ങൾ ഇനിയും രജിസ്റ്റർ ചെയ്യപ്പെടേണ്ടതായിട്ടുണ്ട്;

(ബി) തെക്കേകൊല്ലംകോട് മത്സ്യവ്യവസായ സഹകരണസംഘം എന്നാണ് രജിസ്റ്റർ ചെയ്യാൻ അപേക്ഷ അയച്ചത്;

(സി) ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ ഈ സംഘം രജിസ്റ്റർ ചെയ്തുകൊടുക്കുവാൻ ശുപാർശകൾ ചെയ്തുകയുണ്ടായോ; അത് രജിസ്റ്റർ ചെയ്തുകൊടുത്തോ;

(ഡി) തെക്കേകൊല്ലംകോട് മത്സ്യോൽപ്പാദക സഹകരണസംഘം പരുത്തിയൂർ മത്സ്യോൽപ്പാദന സഹകരണസംഘം ഇവ എന്നാണ് രജിസ്ട്രേഷനു് അപേക്ഷിച്ചത്; അവ രജിസ്റ്റർ ചെയ്തുകൊടുത്തുവോ; അവയ്ക്ക് ഗ്രാന്റായും, ലോണായും എത്രസംഖ്യ കൊടുത്തിട്ടുണ്ട്?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ) 25-2-1959-ൽ ആകെ 27 അപേക്ഷകളും നടപടി എടുക്കേണ്ടതായിട്ടുണ്ടായിരുന്നു. രജിസ്ട്രേഷനുവേണ്ടിയുള്ള ഒരപേക്ഷമാത്രമേ തിരുവനന്തപുരം ഡിസ്ട്രിക്ടിൽ ഇപ്പോൾ ശേഷിച്ചിട്ടുള്ളൂ.

(ബി) തെക്കേകൊല്ലംകോട് മത്സ്യവ്യവസായ സഹകരണസംഘം രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടി 16-10-1957, 9-11-1957 എന്നീ തീയതികളിലായി രണ്ട് അപേക്ഷകളും കിട്ടി.

LIBRARY ARCHIVES Kerala Legislative Assembly